(സി) അന്യത്ര ചേർത്തിട്ടുണ്ട്.*

(ഡി) പകർപ്പിനായി കേന്ദ്രകൗൺസിലിന് സർവ്വകലാശാല എഴുതിയിട്ടുണ്ട്.

(ഇ) കേന്ദ്രകൗൺസിലിൽ നിന്ന് മറുപടി ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുമെന്നാണ് സർവ്വകലാശാല അറിയിച്ചിട്ടുള്ളത്.

ഗവേഷണ വിദ്യാർത്ഥികൾക്ക് ഫെലോഷിപ്പ് യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടി

99(788) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. പി. സി. ജോർജ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർവ്വകലാശാലയുടെ വിവിധ വകുപ്പുകളിൽ നിലവിൽ ഗവേഷണം നടത്തുന്നവർ എത്ര പേരാണ് ;

(ബി) ഇവർക്ക് അർഹമായ ഫെലോഷിപ്പ് യഥാസമയം ലഭിക്കുന്നില്ലായെന്ന സംഗതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഗവേഷണ വിദ്യാർത്ഥികൾക്ക് ഫെലോഷിപ്പ് യഥാസമയം ലഭ്യമാക്കുന്നതിനുള്ള ഉത്തരവാദിത്വം ആർക്കാണ് ; ആയതിനുള്ള നടപടിക്രമം എന്താണ് ;

(ഡി) ഫൊലോഷിപ്പ് ലഭിക്കാത്തതിനെ സംബന്ധിച്ച് വിദ്യാർത്ഥികൾ പരാതി സമർപ്പിച്ചിരുന്നോ ; എങ്കിൽ ആയതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള സർവ്വകലാശാലയിൽ വിവിധ വകുപ്പുകളിലായി ആകെ 2576 പേർ ഗവേഷണം നടത്തുന്നുണ്ട്.

(ബി) 2009-10, 2010-11 വർഷങ്ങളിലെ 54 യു.ജി.സി.ജെ.ആർ.എഫ്. ഗവേഷണ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുവാനുണ്ടെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(സി) ഗവേഷണ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകേണ്ടത് യു. ജി. സി. യുടെയും സർവ്വകലാശാലയുടെയും ബന്ധപ്പെട്ട ഗവേഷണ സ്ഥാപനത്തിന്റെയും കൂട്ടുത്തരവാദിത്തമാണ്. മുൻ വർഷങ്ങളിലെ സ്കോളർഷിപ്പ് വിതരണത്തിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകുന്ന മുറയ്ക്ക് ബന്ധപ്പെട്ട ഫണ്ടിംഗ് ഏജൻസികൾ സ്കോളർഷിപ്പ് തുക സർവ്വകലാശാലയ്ക്ക് അനുവദിക്കുകയും ബന്ധപ്പെട്ട ഗവേഷണ സ്ഥാപനങ്ങളിൽ നിന്നുള്ള അപേക്ഷ അനുസരിച്ച് സർവ്വകലാശാല സ്കോളർഷിപ്പ് വിതരണം ചെയ്യുകയുമാണ് പതിവ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ബന്ധപ്പെട്ട ഫണ്ടിംഗ് ഏജൻസികളിൽ നിന്നുള്ള ഗ്രാന്റ്-ഇൻ-എയ്ഡഡ് സർവ്വകലാശാലയിൽ ലഭിക്കാത്തതിനാലാണ് സ്കോളർഷിപ്പ് നൽകുവാൻ കാലതാമസം നേരിടുന്നതെന്നും ഗവേഷണ വിദ്യാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് അർഹരായിട്ടുള്ള ഓരോ ഗവേഷണ വിദ്യാർത്ഥിക്കും ജനുവരി 2011 മുതൽ 5000 രൂപാ വീതം സ്കോളർഷിപ്പ് നൽകുവാനും, ഫണ്ടിന്റെ ലഭ്യത അനുസരിച്ച് 5000 രൂപ നിരക്കിൽ കുടിശ്ശിക നൽകുവാനും ഉത്തരവായിട്ടുണ്ടെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലെ നിയമനങ്ങൾ

100(789) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങൾ പി.എസ്.സി. വഴി നടത്തുവാൻ തീരുമാനിച്ചതുമായി ബന്ധപ്പെട്ട് നിയമനിർമ്മാണം നടത്തുവാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ ;

(ബി) ബന്ധപ്പെട്ട നിയമനിർമ്മാണത്തിന് വേണ്ടിവരുന്ന കാലതാമസവും മറ്റും കണക്കിലെടുത്ത് മറ്റെന്തെങ്കിലും മാർഗ്ഗങ്ങൾ പ്രസ്തുത വിഷയത്തിൽ പരിഗണനയിലുണ്ടോ ;

(സി) കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ വിവിധ അനദ്ധ്യാപക തസ്തികകളിൽ ആകെ എത്ര ജീവനക്കാർ താൽക്കാലിക/ദിവസ വേതന വ്യവസ്ഥയിൽ തുടരുന്നു എന്ന് വിശദമാക്കുമോ ; ഇവർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണോ നിയമിക്കപ്പെട്ടത് എന്ന് വ്യക്തമാക്കുമോ ;

(ഡി) സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി. യെ അറിയിക്കുവാൻ എന്തെങ്കിലും നിർദ്ദേശം സർക്കാർ യൂണിവേഴ്സിറ്റിക്ക് നൽകിയിട്ടുണ്ടോ ;

(ഇ) വിവിധ സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകൾ അടിയന്തരമായി പി.എസ്.സി.യെ അറിയിച്ചാൽ സമാന യോഗ്യതയും സമാന വേതന നിരക്കും ഉള്ള നിലവിലുള്ള റാങ്ക് പട്ടികകളിൽ നിന്നും, സമ്മതപത്രം നൽകുന്ന ഉദ്യോഗാർത്ഥികളെ, സർവ്വകലാശാലയിൽ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേക്കുള്ള റിക്രൂട്ട്മെന്റ് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിടാനുള്ള 18-12-2010-ലെ തീരുമാനം നടപ്പിലാക്കുന്നതിന് സർവ്വകലാശാല നിയമങ്ങളിൽ ഭേദഗതി ആവശ്യമാണ്. ഭരണഘടനയുടെ 321-ാം അനുച്ഛേദം അനുശാസിക്കുന്ന പ്രകാരം പ്രത്യേക നിയമനിർമ്മാണം നടത്തിയാൽ മാത്രമേ പ്രസ്തുത ചുമതല കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അധികമായി നൽകാൻ കഴിയുകയുള്ളൂ. ഇങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly